# ചാക്രിക രഥങ്ങൾ

**(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)**

1

ഒന്നാം നമ്പർ തീവണ്ടിയിലെ
ഫ്ലൂറെസെന്റ് വെളിച്ചം
പ്രകാശതന്ത്രമായ്
രോമകൂപ തുരങ്കദ്വാരേ
പേശീമാംസ്യങ്ങളിലരിപ്പ്:
"താണെ[A]" തൊട്ട് "ഘാട്ട്കോപ്പർ[B]"-
വരെയുള്ള ഫസ്റ്റ്ക്ലാസിലെ
ഒന്നാംക്ലാസ്സ് ഇടിമുഴക്കം
സുഖശീതളത പതയും
ഷാമ്പെയിൻ-ബിയർ നുരകൾ.

2

ഒന്നാം നമ്പർ തീവണ്ടി[C]യിലെ
ഫ്ലൂറെസെന്റ് വെളിച്ചം:
വെളുത്തോടെ മകൾ ശങ്കയിൽ
"ചലിക്കും കവിതാ"പ്പരസ്യക്കടാക്ഷേ
ഒഴിഞ്ഞയിരിപ്പടം ഒഴിവാക്കി
വെളുത്തോടെ സന്തതിയിൽ മുങ്ങി.
കറുത്തോടെ കരളും
പീതാങ്കിതപ്പുത്രിയും
ഓറഞ്ചും കാമിനിയും
ഇരുവശം പന്തലിക്കും
ശൂന്യ സമയസ്ഥലമാം
കേന്ദ്രകോശം അവഗണിച്ച്
വർഗ്ഗം വർഗ്ഗത്തോടും
വംശം വംശത്തോടും
തൂവ്വൽ തൂവ്വലോടും
ഉപ്പ് വെള്ളത്തോടും
മെഴുക് എണ്ണയോടും
ലയിക്കും വചനത്തിൻ
തനതുശാഖയിൽ ചേക്കേറി.

3

ഏകാന്തയേകത
കണ്ടിട്ടോ,യെന്തോ
സദാ നാക്കുനീട്ടും
സർപ്പയിഴച്ചി-
ലലിയും വാരിയെല്ലിൽ
അസംശയക്കണ്ണുള്ള
ഭൂലോകരംഭയെ
വലത്തിരുത്തി:
അജ്ഞാതശിൽപ്പി
അനാദിയിൽ കൊത്തിയ
ചൂടുമാറാത്ത രൂപം –
കണ്ണുവർണ്ണനക്കു
കാളിദാസനില്ലല്ലോ,
നാസികാവരപ്പിനു
രവിവർമ്മയില്ലല്ലോ,
മേനീമികവു കൊത്താൻ
ആഞ്ചലോയില്ലല്ലോ –
പുഞ്ചിരി മാത്രം
പകർന്നവൾ
മനംമാറ്റക്കടലാസ്സിൽ
മതംമാറ്റ ലഘുലേഖ
വൃത്തത്തിലലങ്കരിച്ച്
കേന്ദ്രബിന്ദുവിൽ കളമെഴുതി
ഒന്നാംനമ്പർ പാതയിലെ
അടുത്ത സ്റ്റേഷനിൽ
കുടിയിറങ്ങി.

*********************************************

A, B --- മുംബൈയിലെ തീവണ്ടി സ്റ്റേഷനുകൾ
C --- ന്യു യോർക്കിലെ ഒരു ട്രെയിൻ